05 ജൂലൈ 2026
വാല്യം. 36
ലക്കം. 12

മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 05-07-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

പിസിനാക്
സത്യവിശ്വാസം അടുത്ത തലമുറയ്ക്ക് കൈമാറാൻ ആഹ്വാനം

കുര്യൻ ഫിലിപ്പ്
നാഷണൽ മീഡിയ കോർഡിനേറ്റർ



ചിക്കാഗോ: നാൽപതാമത് പിസിനാക് കോൺഫറൻസിന് ചിക്കാഗോയിൽ ഉജ്ജ്വല തുടക്കം. നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. നമ്മുടെ വിശ്വാസവും നാം പിന്തുടരുന്ന ഉപദേശവും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുവാൻ നാം ഏറെ ശ്രദ്ധയുള്ളവരാകണം എന്ന് ഉദ്ഘാടന പ്രസംഗത്തിൽ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ ഉൽബോധിപ്പിച്ചു. ഡോ ടൈറ്റസ് ഈപ്പന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സ്വാഗതം പറഞ്ഞു.പാസ്റ്റർ ജെയിംസ് വർഗീസ് സങ്കീർത്തന ധ്യാനം നടത്തി. പാസ്റ്റർമാരായ ജോൺ തോമസ്, ടി എസ് കപ്പമാമൂട്ടിൽ, യോഹന്നാൻ ജോർജ്, പാസ്റ്റർ സ്റ്റാൻലി ജോസഫ് എന്നിവർ പ്രാർത്ഥന നടത്തി. ലോഡ്സൺ ആന്റണിയുടെ നേതൃത്വത്തിൽ പ്രയ്സ് ആൻഡ് വർഷിപ്പ് നടന്നു. ഡോക്ടർ ടിങ്കു തോംസണും പ്രസംഗിച്ചു. ലോകത്തിലെ ഏറ്റവും വലിയ സഭകളിൽ ഒന്നായ ഹൈദരാബാദിലെ കാൽവറി ടെമ്പിൾ സഭയുടെ സീനിയർ ശുശ്രൂഷകൻ ഡോ സതീഷ് കുമാറിനെ പാസ്റ്റർ ഷാജി കെ ഡാനിയൽ സദസിന് പരിചയപ്പെടുത്തി. ഈ രാജ്യത്ത് നാം എത്തിച്ചേർന്നിരിക്കുന്നത് കേവലം ധനസമ്പാദനത്തിനു വേണ്ടി മാത്രമല്ല ദൈവം ഏൽപ്പിച്ചിരിക്കുന്ന ദൗത്യം വിശ്വസ്തതയോടെ ചെയ്യുവാൻ ആണെന്ന് ഡോക്ടർ സതീഷ് കുമാർ പ്രസ്താവിച്ചു. പാസ്റ്റർ ലേവി ചെറിയാൻ പരിഭാഷ നിർവഹിച്ചു.തലമുറയിൽ നിന്ന് തലമുറയിലേക്ക് എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി ഷേർലി ചിക്കാഗോ എഴുതിയ തീം സോങ് സമ്മേളനത്തിൽ അവതരിപ്പിച്ചു. പ്രഥമരാത്രിയിൽ തന്നെ വലിയ ജനക്കൂട്ടം സമ്മേളനത്തിൽ പങ്കെടുത്തു. ഇംഗ്ലീഷ് വിഭാഗത്തിലും മലയാളം വിഭാഗത്തിലുമായി അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഇന്ത്യയിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നുമായി അനേകർ പങ്കെടുത്തു കൊണ്ടിരിക്കുന്ന കൺവെൻഷൻ ഞായറാഴ്ച ഉച്ചയോടെ സമാപിക്കും. യുവജനങ്ങൾ മുഖ്യമായും പങ്കെടുക്കു

(ശേഷം പേജ് 6)

പ്രവാസ ജീവിതത്തിലും യേശുക്രിസ്തു പഠിപ്പിച്ച മാർഗ്ഗങ്ങൾ പിന്തുടരുന്ന ദൈവമക്കളെക്കുറിച്ച് അഭിമാനം : മുഖ്യമന്ത്രി വി.ഡി. സതീശൻ



ചിക്കാഗോ: സ്വന്ത നാടും വീടും വിട്ട് അമേരിക്കയിൽ താമസിക്കുമ്പോഴും യേശുക്രിസ്തു പഠിപ്പിച്ച മാർഗങ്ങളും അചഞ്ചലമായ വിശ്വാസവും മുറുകെപ്പിടിച്ച് ജീവിക്കുന്ന ദൈവമക്കളായ നിങ്ങളെക്കുറിച്ച് അഭിമാനമുണ്ടെന്ന് കേരള മുഖ്യമന്ത്രി വീഡി സതീശൻ നാല്പതാമത് പിസിനാക് കോൺഫറൻസിന് നൽകിയ ആശംസ സന്ദേശത്തിൽ പറഞ്ഞു. ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു അത് വസ്ത്രത്തിന്റെ വിളുമ്പിലേക്ക് നീണ്ടുകിടക്കുന്ന താടിയിലേക്ക് തന്നെ ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലം പോലെ

(ശേഷം പേജ് 6)

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും



മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക. 9961720195

വ്യക്തിഹത്യയും വ്യാജപ്രചരണങ്ങളും അവസാനിപ്പിക്കണം

തൃശൂർ: തൊഴിൽപരമായ തർക്കങ്ങളും ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങളും നിയമപരവും ജനാധിപത്യപരവുമായ ചർച്ചകളിലൂടെ പരിഹരിക്കപ്പെടേണ്ട വിഷയങ്ങളാണെന്നും, അതിന്റെ മറവിൽ ക്രൈസ്തവ സഭയുടെ ആത്മീയ നേതൃത്വത്തെയും സേവന സ്ഥാപനങ്ങളെയും ലക്ഷ്യമിട്ട് വ്യക്തിഹത്യയും വ്യാജപ്രചാരണങ്ങളും നടത്തുന്നത് ഒരിക്കലും അംഗീകരിക്കാനാവില്ലെന്നും പ്രോലൈഫ് ഗ്ലോബൽ ഫെലോഷിപ്പ് അഭിപ്രായപ്പെട്ടു. ജൂബിലി മിഷൻ, അമല ആശുപത്രികളുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പേരിൽ തൃശൂർ അതിരൂപത അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ വ്യക്തിപരമായി അധിക്ഷേപിക്കുകയും ആർച്ചുബിഷപ്പ് ഹൗസിനെ ലക്ഷ്യമിട്ട് പ്രതിഷേധം സംഘടിപ്പിക്കുകയും ചെയ്യുന്നത് പ്രശ്ന പരിഹാരത്തിന് സഹായകരമല്ലെന്നും, അത് വിശ്വാസികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതാണെന്നും ഫെലോഷിപ്പ് ചൂണ്ടിക്കാട്ടി. ക്രൈസ്തവ ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സാമൂ

(ശേഷം പേജ് 6)

നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് ദേശീയ സമ്മേളനം:
പാസ്റ്റർമാർക്കും കുടുംബങ്ങൾക്കുമായി പ്രത്യേക യോഗം



ഡോ. തോമസ് ഇടിക്കുള, പാസ്റ്റർ പ്രിൻസ് തോമസ്, ബിഷപ്പ് ആൻഡ്രൂ ബിൻഡ, ഡോ. ഷിബു സാമുവൽ, പാസ്റ്റർ സതീഷ്കുമാർ, ഡോ. ഷിബു തോമസ്, അനിത സതീഷ്

കൊളറാഡോ: ജൂലൈ 9 മുതൽ കൊളറാഡോയിൽ ആരംഭിക്കുന്ന നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡിന്റെ ദേശീയ സമ്മേളനത്തിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. സമ്മേളനത്തിന് മുന്നോടിയായി, ജൂലൈ 8ന് പാസ്റ്റർമാരും അവരുടെ കുടുംബങ്ങളും പങ്കെടുക്കുന്ന പ്രത്യേക യോഗം സംഘടിപ്പിച്ചിരിക്കുന്നു. ഇന്നത്തെ ശുശ്രൂഷാ നേതൃത്വത്തിൽ പാസ്റ്റർമാർ നേരിടുന്ന വെല്ലുവിളികളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്ന രീതിയിലാണ് ഈ മീറ്റിംഗുകൾ ക്രമീകരണം ചെയ്തിരിക്കുന്നത്. ആധുനിക ലോകത്തിൽ ദൈവദാസന്മാർ നേരിടുന്ന വെല്ലുവിളികളെ കുടുംബമായി നേരിടുന്നതിനാവശ്യമായ കരുതലുകളും പ്രായോഗിക ആശയങ്ങളും വിവിധ വേദികളിൽ ചർച്ച ചെയ്യപ്പെടും. സുവിശേഷീകരണത്തിലും കൗൺസിലിംഗിലും അനുഭവസമ്പത്തുള്ള ബിഷപ്പ് ആൻഡ്രൂ ബിന്ദ, ഡോ. തോമസ് ഇടിക്കുള, ഡോ. ഷിബു തോമസ്, ഡോ. ഷിബു സാമുവേൽ, റവ. സതീഷ് കുമാർ, സഹോദരി അനിത സതീഷ് ഇവർ വിവിധ വിഷയങ്ങൾക്ക് നേതൃത്വം നൽകി സംസാരിക്കും.

അപൂർവമായി ലഭിക്കുന്ന ഈ അവസരം പ്രയോജനപ്പെടുത്തുന്നതിനായി എല്ലാ ദൈവദാസന്മാരെയും കുടുംബസമേതം ഹൃദയപൂർവ്വം ക്ഷണിക്കുന്നു.


കൊച്ചുപ്പാപ്പൻ

എഫ് സി ആർ എ നിയമഭേദഗതികൾ പ്രവാസി മലയാളികളിൽ ആശങ്ക പരത്തുന്നു



അവരെ കരുതിയാണ് അമിത് ഷാ ഈ-ഓസിഎ കാർഡ് കൊണ്ട്വന്നത്

കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു
കെ. എം. ഈപ്പൻ പാസ്റ്റർ സാംകുട്ടി മത്തായി, സൂസൻ ബി ജോൺ എന്നിവരെ ആദരിച്ചു







ചിക്കാഗോ: കഴിഞ്ഞ അര നൂറ്റാണ്ടിലധികമായി ക്രൈസ്തവ സാഹിത്യ മാധ്യമ പ്രസിദ്ധീകരണ രംഗത്ത് തനതായ വ്യക്തിമുദ്രകൾ പതിച്ച കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ. എം. ഈപ്പൻ, ക്രിസ്തീയ ഗാനരചയിതാക്കളായ പാസ്റ്റർ സാംകുട്ടി മത്തായി, സിസ്റ്റർ സൂസൻ ബി. ജോൺ എന്നിവരെ ചിക്കാഗോയിൽ നടക്കുന്ന നാൽപ്പതാമത് പിസിനാക് കോൺഫറൻസിന്റെ റൈറ്റേഴ്സ് ഫോറത്തിന്റെ സമ്മേളനത്തിൽ ആദരിക്കും.

ജൂലൈ 3 വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒന്നരയ്ക്ക് നടന്ന സമ്മേളനത്തിൽ പ്രസിഡന്റ് രാജൻ ആര്യപ്പള്ളി അധ്യക്ഷത വഹിച്ചു. പ്രശസ്ത സാഹിത്യകാരൻ റവ. ജോർജ് മാത്യു പുതുപ്പള്ളി മുഖ്യാതിഥിയായിരുന്നു. കഴിഞ്ഞ നാല് പതിറ്റാണ്ട് മുമ്പ് കേരള എക്സ്പ്രസ് എന്ന മലയാള വാർത്ത വാരിക ചിക്കാഗോയിൽ പ്രസിദ്ധീകരണം ആരംഭിച്ചുകൊണ്ടാണ് കെ. എം. ഈപ്പൻ മാധ്യമ രംഗത്തേക്ക് കടന്നുവന്നത്. അനേകരെ ഈ രംഗത്ത് കൈപിടിച്ച് ഉയർത്തിക്കൊണ്ടു വരുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. നോർത്ത് അമേരിക്കയിലെ വിവിധ സംഘടനകൾ അവാർഡുകൾ നൽകി അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

മലയാളികൾക്ക് സുപരിചിതമായ നൂറ്റമ്പതിൽപരം ആരാധനാഗീതങ്ങൾ എഴുതിയ വ്യക്തിയാണ് പാസ്റ്റർ സാംകുട്ടി മത്തായി. ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ മികച്ച ഗാനരചയിതാവിനുള്ള വി. നാഗൽ കീർത്തന അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അനവധി ഗാനങ്ങളും കവിതകളും ലേഖനങ്ങളും എഴുതി ക്രൈസ്തവസാഹിത്യ രംഗത്തെ പരിപോ

(ശേഷം പേജ് 6)

ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം


സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമൂട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ഞു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com



www.maruppacha.com

മരുപ്പച്ച

വെബ്സൈറ്റിൽ

Email: maruppacha @gmail.com
Whatsapp: 9961720195, 9961103983



ഷാജി മാറാനാഥാ

കൊലക്കയറിൽ നിന്ന് യേശുവിന്റെ സാക്ഷിയായ്...

1980 കളുടെ അവസാന നാളുകൾ. കിഴക്കൻ കോംഗോയിലെ ഉൾനാടൻ റോഡുകളിലൂടെ ഞങ്ങളുടെ മിഷൻ ടീം യാത്ര ചെയ്യുകയായിരുന്നു. റുവാണ്ടൻ അതിർത്തിയോട് അടുത്തപ്പോൾ, ഭൂപടത്തിൽ പോലുമില്ലാത്ത, ഞങ്ങളുടെ സുവിശേഷ മഹായോഗങ്ങളുടെ പട്ടികയിൽപ്പെടാത്ത ഒരു നഗരം പെട്ടെന്ന് അവരുടെ ശ്രദ്ധയിൽപ്പെട്ടു 'ബുക്കാവൂ' എന്നായിരുന്നു ആ നഗരത്തിന്റെ പേര്. ഒരു സുവിശേഷ യോഗം പോലും ഇതുവരെ കണ്ടിട്ടില്ലാത്ത ഏകദേശം അഞ്ച് ലക്ഷത്തോളം ജനങ്ങൾ അവിടെ ജീവിച്ചിരുന്നു. വേനൽക്കാലത്ത് അങ്ങോട്ടേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാണെന്ന് ഉറപ്പായതോടെ, ഞങ്ങളുടെ മിഷൻ കോ ഓർഡിനേറ്റർ സ്റ്റീഫൻ മുതുവ അതീവ ആവേശത്തോടെ ജർമ്മനിയിലുള്ള ഞങ്ങളുടെ ആസ്ഥാനത്തേക്ക് എന്നെ വിളിച്ചു. ' പാസ്റ്റർ റെയിൻഹാർഡ്, ഈ ബുക്കാവുവിലേക്ക് ആരും വരാറില്ല. നമ്മൾക്ക് ഇവിടെ പലതും ചെയ്യാനുണ്ട്. നാം ഇവിടെ അത്ഭുതകരമായ ഫലങ്ങൾ കാണും. അങ്ങ് ഇവിടേക്ക് വരിക... മറ്റാരും പോകാൻ മടിക്കുന്ന ആരും തിരിഞ്ഞുനോക്കാത്ത ഇടങ്ങളിൽ ചെന്ന് ദൈവത്തിന്റെ സ്നേഹം പ്രസംഗിക്കുന്നതിനേക്കാൾ എന്റെ ഹൃദയമിടിപ്പ് കൂട്ടുന്ന മറ്റൊന്നുമില്ല. 1989 ൽ സുവിശേഷത്തോട് കഠിനമനസ്സ് കാണിച്ചിരുന്ന 'ലെസോത്തോ' എന്ന രാജ്യത്തെ എന്റെ ആദ്യത്തെ ശുശ്രൂഷ മുതലേ ഈ ആവേശം എന്റെ ഉള്ളിലുള്ളതാണ്.

ഞാൻ ഉടൻ സ്റ്റീഫനോട് പറഞ്ഞു 'ബുക്കാവുവിൽ മീറ്റിംഗിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കോളൂ സ്റ്റീഫൻ, അതിന്റെ പൂർണ്ണ ചുമതല നിനക്കായിരിക്കും.' അങ്ങനെ 1985 ജൂലൈ മാസത്തിൽ ഞാൻ അവിടെ പ്രസംഗിക്കാനായി വിമാനമിറങ്ങി. എന്റെ ടീം എന്നെ വന്ന് സ്വീകരിക്കുകയും ഞാൻ താമസിക്കേണ്ട ഹോട്ടലിലേക്ക് കൊണ്ടു പോവുകയും ചെയ്തു. അടുത്ത ദിവസം, എല്ലാ ക്രൂസേഡുകളിലും ഞാൻ ചെയ്യാറുള്ളതുപോലെ, നഗരത്തിലൂടെ ഒന്നു ചുറ്റിക്കാ ഞാൻ ഇറങ്ങി. നഗരം കാണാൻ മാസങ്ങളായി അവിടെയുള്ള സ്റ്റീഫന് അവിടുത്തെ മനുഷ്യരെയും അവരുടെ ചരിത്രത്തെയും കുറിച്ച് നല്ല ധാരണയുണ്ടായിരുന്നു. വഴിയിലുള്ള ആളുകളോട് സംസാരിക്കാനും അവരെ അഭിമുഖം ചെയ്യാനുമായി ഒരു പ്രാദേശിക പരിഭാഷകനെയും ഞങ്ങൾ ഒപ്പം കൂട്ടിയിരുന്നു. യാത്രയ്ക്കിടയിൽ, നഗരത്തിന്റെ അതിർത്തിയിലുള്ള ഒരു ജയിലിൽ ഞങ്ങൾ എത്തിപ്പെട്ടു സത്യം പറഞ്ഞാൽ, അതൊരു ജയിലല്ല, മനുഷ്യരെ അടച്ചിടുന്ന ഒരു ഇടുങ്ങിയ കൂട് തടവറകൾ ഒന്നും ഉണ്ടായിരുന്നില്ല; കമ്പിവേലികളും ബാറുകളും കൊണ്ട് ചുറ്റപ്പെട്ട വലിയൊരു ഇഷ്ടിക മുറിയും അതിനോട് ചേർന്നുള്ള ഒരു ജയിൽ മുറ്റവും മാത്രം. തടവുകാരിൽ പലരും മുറ്റത്ത് വെയിൽ കായുകയായിരുന്നു. ജയിലിന് പുറത്ത് വലിയൊരു ജനക്കൂട്ടം തടിച്ചുകൂടി നിൽപ്പുണ്ട്. സ്റ്റീഫൻ വണ്ടി നിർത്തിയിട്ട് വളരെ ഗൗരവത്തോടെ എന്നോട് പറഞ്ഞു:

'പാസ്റ്റർ റെയിൻഹാർഡ്, ഇവിടെയൊരു കഥയുണ്ട്' 'പുറത്തു നിൽക്കുന്ന ആ ആളുകളൊക്കെ ആരാണ്?' ഞാൻ ചോദിച്ചു? 'അവർ ഈ തടവുകാരുടെ കുടുംബാംഗങ്ങളാണ്. അവർ വന്ന് ഭക്ഷണം കൊടുത്താലേ ഈ മനുഷ്യർ ജീവനോടെ ഇരിക്കൂ. കാരണം, വധിക്കാൻ പോകുന്ന തടവുകാർക്ക് ഭക്ഷണം നൽകേണ്ട യാതൊരു ബാധ്യതയും ഗവൺമെന്റിനില്ല. 'അപ്പോൾ ഇവരൊക്കെ മരിക്കാൻ പോവുകയാണോ?'ആ ചങ്ങലയിട്ടു കാണുന്ന എല്ലാവരും വധ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരാണ്.' കൈകളിലും കാലുകളിലും കനത്ത ഇരുമ്പ് ചങ്ങലകൾ വലിച്ച്, നിലത്തുരസുന്ന ശബ്ദത്തോടെ നടക്കുന്ന ഒരു പറ്റം മനുഷ്യരെ എനിക്ക് കാണാമായിരുന്നു. സ്റ്റീഫൻ കനത്തൊരു നെടുവീർപ്പിട്ടുകൊണ്ട് തുടർന്നു: 'എല്ലാ മാസവും തലസ്ഥാനമായ കിൻഷാസയിൽ നിന്ന് ഒരു ആരാച്ചാർ ഇവിടെയെത്തും. വധശിക്ഷ നടപ്പാക്കാൻ ആ കാണുന്ന വലിയ മരം കണ്ടോ! അതിന്റെ കൊമ്പിലേക്ക് അവൻ കൊലക്കയർ എറിഞ്ഞുകെട്ടും. നഗരത്തിലെ ആളുകളെ ക്ഷണിക്കും. ചിലർക്കിത് ഒരു ലോക്കൽ ഹൊറർ ഷോയാണ്. തൂക്കിലേറ്റുന്നയാൾ പഴയ രീതിയിലാണ് ഇത് ചെയ്യുന്നത്. അവിടെ പ്ലാറ്റ്ഫോമോ തറയോ ഒന്നുമില്ല. പാശ്ചാത്യ സിനിമകളിലെപ്പോലെ കഴുത്ത് പെട്ടെന്ന് ഒടിഞ്ഞു മരിക്കുന്ന ദയയുള്ള തൂക്കിലേറ്റലല്ല ഈ ഇത് ഓരോ തടവുകാരനെയും മുന്നോട്ട് നിർത്തി കഴുത്തിൽ കയറിടും. എന്നിട്ട് കൊലക്കയറുകാരൻ ആ മരത്തിന്റെ തടി ഒരു ലിവർ പോലെ ഉപയോഗിച്ച് ആ കയർ മുകളിലേക്ക് വലിച്ച് കെട്ടും, ആ മനുഷ്യൻ ശ്വാസം കിട്ടാതെ കൈകാലിട്ടടിച്ച് ഒടുങ്ങുന്നത് വരെ അവൻ നോക്കിനിൽക്കും. ജീവൻ പോയെന്ന് ഉറപ്പാകുമ്പോൾ ശരീരം താഴെയിറക്കി അടുത്ത ആളിലേക്ക് പോകും.' 'നീ ഇത് നേരിട്ട് കണ്ടിട്ടുണ്ടോ സ്റ്റീഫൻ? 'ഉവ്വ്. ഞാൻ കണ്ടിട്ടുണ്ട്.' 'നിനക്ക് ഊഹിക്കാൻ കഴിയുമോ... താൻ മരിക്കാൻ പോകുന്ന ആ ക്രൂരമായ മരണം സ്വന്തം കൺമുന്നിൽ ഓരോരുത്തരായി കാണേണ്ടി വരുന്ന തടവുകാരന്റെ അവസ്ഥ 'അതുമാത്രമല്ല, മൃതദേഹം താഴെയിറക്കുമ്പോൾ ആ ചങ്ങലകൾ ഊരിയെടുക്കാൻ വേണ്ടി ആരാച്ചാർ കോടാലി കൊണ്ട് അവന്റെ കൈകളും കാലുകളും വെട്ടിമാറ്റും! കുടുംബക്കാർ വന്ന് മൃതദേഹം വാങ്ങിയില്ലെങ്കിൽ ആ ശരീരം ഒരു വണ്ടിയിൽ കയറ്റി' വിജനമായ സ്ഥലത്തെ ഏതെങ്കിലും കുഴിയിൽ കൊണ്ടുപോയി തള്ളും.' 'അതെന്താ ചങ്ങലയുടെ പൂട്ട് തുറന്നാൽ പോരെ? എന്തിനാണ് ഈ ക്രൂരത?' ഞാൻ ചോദിച്ചു? 'കാരണം അതിൽ പൂട്ടുകളില്ല: ഒരു പ്രതിയെ ഇവിടെ കൊണ്ടുവരുമ്പോൾ നേരെ അപ്പുറത്തുള്ള കൊല്ലന്റെ അടുക്കലേക്ക് കൊണ്ടു പോകും. അവന്റെ കൈകാലുകളിൽ ചങ്ങലകൾ വെൽഡിംഗ് ചെയ്ത് പിടിപ്പിക്കുകയാണ് ചെയ്യുന്നത്. ആ തടവുകാരന്റെ ശരീരം പൊള്ളാതിരിക്കാൻ അവർ ശ്രദ്ധിക്കാറേയില്ല. അത് ശിക്ഷയുടെ ഭാഗമാണ്. ചങ്ങലയിലെ പൊള്ള ലേറ്റുള്ള അണുബാധ കാരണം തൂക്കിലേറ്റുന്നതിന് മുൻപേ മരിച്ചുപോയവരുമുണ്ട്. ഒരാൾ മരിക്കുമ്പോൾ ആ ഒഴിഞ്ഞ ചങ്ങല കട്ടിംഗ് ടോർച്ച് വച്ച് മുറിച്ചെടുത്ത് അടുത്ത ആളുകളെ അണിയിക്കും ചങ്ങലകൾ പുനരുപയോഗിക്കും, അതാണ് ബുക്കാവു!'

ആഫ്രിക്കൻ ജയിലുകളുടെ ക്രൂരത ഞാൻ പലയിടത്തും കണ്ടിട്ടുള്ളതാണ്. പാശ്ചാത്യ രാജ്യങ്ങളിലെപ്പോലെ മനുഷ്യാവകാശങ്ങൾ അവിടെയാർക്കും അറിയില്ല. നീതിന്യായ വ്യവസ്ഥയെക്കുറിച്ച് പരസ്യമായ യാതൊരു പരിശോധനയും ഉണ്ടായിരുന്നില്ല. പ്രധാന രാഷ്ട്രീയ നേതാക്കളെയെല്ലാം ജനങ്ങൾ തിരഞ്ഞെടുത്തതല്ല, മറിച്ച് നിയമിച്ചതായിരുന്നു. അധികാരത്തിലുള്ളവർ സൈനികശക്തി കൊണ്ടും ഭീഷണിയിലൂടെയും ജനങ്ങളെ ഭരിച്ചു. ആഫ്രിക്കയിലെ പല നേതാക്കളും തങ്ങളുടെ രാഷ്ട്രീയ ശത്രുക്കളെയും എതിരാളികളെയും ഇല്ലാതാക്കാൻ തങ്ങളുടെ ജയിൽസംവിധാനങ്ങൾ ഉപയോഗിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. നീതി പലപ്പോഴും അട്ടിമറിക്കപ്പെട്ടു. 'പക്ഷേ ഒരു നല്ല വാർത്തയുണ്ട്,' സ്റ്റീഫൻ പ്രത്യാശയോടെ പുഞ്ചിരി ച്ചു. 'ഞാൻ ഇവിടെ സന്ദർശിക്കാറുണ്ട്. ഇവരിൽ പലരും യേശുവിനെ സ്വീകരിച്ചു. കഴിഞ്ഞ കുറച്ചാഴ്ചകളായി ഞാൻ ഇവർക്കായി ബൈബിൾ ക്ലാസ്സ് എടുക്കുന്നുണ്ട്. 'ദൈവത്തിന് സ്തോത്രം സ്റ്റീഫൻ! എനിക്ക് അവരെ കാണണം, കർത്താവിലുള്ള എന്റെ സഹോദരന്മാരെ കാണാൻ എന്നെ ഉള്ളിലേക്ക് കൊണ്ടുപോകൂ,'

> പാസ്റ്റർ റെയിൻഹാർഡ്, ഈ ബുക്കാവുവിലേക്ക് ആരും വരാറില്ല. നമ്മൾക്ക് ഇവിടെ പലതും ചെയ്യാനുണ്ട്. നാം ഇവിടെ അത്ഭുതകരമായ ഫലങ്ങൾ കാണും. അങ്ങ് ഇവിടേക്ക് വരിക... മറ്റാരും പോകാൻ മടിക്കുന്ന ആരും തിരിഞ്ഞുനോക്കാത്ത ഇടങ്ങളിൽ ചെന്ന് ദൈവത്തിന്റെ സ്നേഹം പ്രസംഗിക്കുന്നതിനേക്കാൾ എന്റെ ഹൃദയമിടിപ്പ് കൂട്ടുന്ന മറ്റൊന്നുമില്ല. 1989 ൽ സുവിശേഷത്തോട് കഠിനമനസ്സ് കാണിച്ചിരുന്ന 'ലെസോത്തോ' എന്ന രാജ്യത്തെ എന്റെ ആദ്യത്തെ ശുശ്രൂഷ മുതലേ ഈ ആവേശം എന്റെ ഉള്ളിലുള്ളതാണ്.





ഞാൻ പറഞ്ഞു. ഞങ്ങൾ കാറിൽ നിന്നിറങ്ങിയപ്പോൾ തന്നെ അന്തരീക്ഷത്തിൽ ഒരു വിചിത്ര ശബ്ദം മുഴങ്ങി. ആഫ്രിക്കൻ പുരുഷന്മാരുടെ ഗംഭീരമായ പാട്ടിനൊപ്പം ചങ്ങലകൾ താളാത്മകമായി കിലുങ്ങുന്ന ശബ്ദം!' കേൾക്കുന്നുണ്ടോ? അത്, അവർ യേശുവിനെ സ്തുതിക്കുകയാണ്. നമ്മൾ അവരെ പഠിപ്പിച്ച പാട്ടുകൾ. തങ്ങളുടെ കൈയിലുള്ള ഒരേയൊരു സംഗീതോപകരണമായ ആ ചങ്ങലകൾ ഉപയോഗിച്ച് അവർ ദൈവത്തെ സ്തുതിക്കുകയാണ്. 'അവരുടെ ചങ്ങലകൾ,' യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഞാൻ പതുക്കെ മന്ത്രിച്ചു. ഞാൻ അവിടെ നിന്ന് അത് ശ്രദ്ധിച്ചുകേട്ടു. ഈർപ്പമുള്ള ആ വായുവിൽ ആ മനോഹരമായ ഗാനം ഉയർന്നപ്പോൾ, ദൈവത്തിന്റെ സിംഹാസന മുറിയിലേക്ക് ഒരു വാതിൽ തുറക്കപ്പെട്ടതുപോലെ എനിക്ക് തോന്നി. എന്തോ ഒരു അത്ഭുതം നടക്കാൻ പോവുകയാണെന്ന് എന്റെ മനസ്സ് പറഞ്ഞു. കാവൽക്കാരുടെ അനുവാദത്തോടെ ഞങ്ങൾ ഉള്ളിലേക്ക് കടന്നു. പാട്ട് തുടർന്നു കൊണ്ടേയിരുന്നു. ആ സിമന്റ് മുറിയിലെ കാഴ്ച എന്നെ വല്ലാതെ വേദനിപ്പിച്ചു. തറയിൽ കിടക്കുന്ന വൃത്തികെട്ട മെത്തകൾ, പുഴുക്കൾ, ഈച്ചകൾ, ഒരു വശത്ത് മലമൂത്ര വിസർജ്ജനം നിറഞ്ഞ ബക്കറ്റുകൾ... ശ്വാസം മുട്ടിക്കുന്ന കൊടും ചൂടിൽ ആ ദുർഗന്ധത്തിൽ നിന്ന് രക്ഷപ്പെടാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. പക്ഷേ, അതിനെയെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് ആ ചങ്ങലക്കിലുക്കവും കർത്താവിനായുള്ള സ്തുതിഗീതവും ഉയർന്നുകൊണ്ടേയിരുന്നു!! ഞങ്ങൾ മുറ്റത്തേക്ക് ചെന്നപ്പോൾ ചങ്ങലയിട്ട തടവുകാർ ഞങ്ങൾക്ക് ചുറ്റും കൂടി. ഏകദേശം മുപ്പതോളം പേർ വട്ടത്തിലിരുന്ന് പാടുകയും സംഗീതത്തിനനുസരിച്ച് ആടുകയും ചെയ്യുകയാണ്. മുൻപല്ല് നഷ്ടപ്പെട്ട, നന്നായി പുഞ്ചിരിക്കുന്ന ഒരാളായിരുന്നു അവരുടെ ലീഡർ. ഒരു വലിയ ചർച്ചിലെ ഗായകസംഘത്തിന്റെ നേതാവിനെപ്പോലെ അവൻ ചങ്ങലകൾ ആവേശത്തോടെ കിലുക്കി പാട്ട് നയിക്കുകയായിരുന്നു.

ആത്മീയ കണ്ണുകളാൽ നോക്കിയിരുന്നെങ്കിൽ, അവൻ മനോഹരമായ ഒരു മെറൂൺ സ്യൂട്ട് ധരിച്ചു നിൽക്കുന്നതായി എനിക്ക് കാണാമായിരുന്നു!


അവനെ കണ്ട നിമിഷം പരിശുദ്ധാത്മാവ് എന്നോട് സംസാരിച്ചു: 'ആ മനുഷ്യനോട് പറയുക, അവൻ സ്വതന്ത്രനാക്കപ്പെടും. ഞാൻ ഹൃദയംകൊണ്ട് പ്രാർത്ഥിച്ചു. കർത്താവേ, എന്നോട് ക്ഷമിക്കേണമേ, ഞാൻ അങ്ങയുടെ ശബ്ദം തെറ്റായാണ് കേട്ടതെങ്കിൽ ഈ പാവത്തോട് അത് പറയുന്നത് വലിയ ക്രൂരതയായിരിക്കും. ദയവായി ഒരിക്കൽ കൂടി പറയണമേ...' വീണ്ടും അതേ ശബ്ദം: 'ആ മനുഷ്യനോട് പറയുക, അവൻ സ്വതന്ത്രനാക്കപ്പെടും.' ഞങ്ങൾ ആ തടവുകാരെ പരിചയപ്പെട്ടു. യേശുവിനെ സ്വീകരിച്ച സഹോദരന്മാരെ ഞാൻ അഭിവാദ്യം ചെയ്തു. പരിഭാഷകനിലൂടെ ഞാൻ ആ സംഘത്തോട് മുഴുവൻ രക്ഷയുടെ സുവിശേഷം പ്രസംഗിച്ചു. അവരിൽ ചിലർ ആദ്യമായി യേശുവിനെ സ്വീകരിച്ച് പ്രതികരിച്ചു. പിന്നീട് ഞാൻ അവരെ കർത്താവിൽ ധൈര്യപ്പെടുത്തി. അതിനുശേഷം ഞാൻ സ്റ്റീഫനോട് പറഞ്ഞു: 'ആ പാട്ട് പാടിയ ലീഡറോട് എനിക്ക് തനിയെ ഒന്ന് സംസാരിക്കണമെന്ന് പറയൂ.' പരിഭാഷകനോടൊപ്പം റിച്ചാർഡ് എന്ന ആ തടവുകാരൻ എന്റെ മുന്നിലെത്തി. ചങ്ങലയിട്ട ആ കൈകളിൽ പിടിച്ചുകുലുക്കാൻ കഴിഞ്ഞത് എനിക്ക് ലഭിച്ച വലിയൊരു ബഹുമതിയായി തോന്നി.

ഞാൻ പറഞ്ഞു: 'റിച്ചാർഡിനോട് പറയൂ, ദൈവത്തിന്റെ ആത്മാവ് ഇന്ന് എന്നോട് സംസാരിച്ചു. അവൻ ഈ ജയിലിൽ നിന്ന് സ്വതന്ത്രനാകുമെന്ന് കർത്താവ് പറയുന്നു.' പരിഭാഷകൻ ഒരു നിമിഷം നിശബ്ദനായി സംശയ ഭാവത്തോടെ എന്നെ നോക്കി. ഞാൻ തലയാട്ടിയപ്പോൾ അവൻ അത് പരിഭാഷപ്പെടുത്തി. അത് കേട്ടതും റിച്ചാർഡ് ഞെട്ടി വിറച്ചുകൊണ്ട് ആ കൊലമരത്തിലേക്ക് നോക്കി. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. പതുക്കെ അവൻ പറഞ്ഞു: 'മൂന്ന് തവണ ഞാൻ ആ കൊലക്കയറിന് മുന്നിൽ വരി നിന്നിട്ടുണ്ട്. മൂന്ന് തവണയും എന്നെ തൂക്കിലേറ്റാൻ തുടങ്ങിയപ്പോൾ കൊലക്കയറുകാരൻ തളർന്നുപോയി!! അവസാന വട്ടവും എന്നെ കൊല്ലാൻ നോക്കി പരാജയപ്പെട്ടപ്പോൾ അവൻ ദേഷ്യത്തോടെ എന്നെ നോക്കി അടുത്ത തവണയെന്ന് പറഞ്ഞ് വീട്ടിലേക്ക് മടങ്ങിപ്പോവുകയായിരുന്നു...!! 'യേശു നിന്നെ സംരക്ഷിക്കുന്നു, റിച്ചാർഡ്,' ഞാൻ പറഞ്ഞു. 'ഇപ്പോൾ അവൻ പറയുന്നു നീ സ്വതന്ത്രനാക്കപ്പെടുമെന്ന്.' പക്ഷേ റിച്ചാർഡിന് അത് വിശ്വസിക്കാൻ ഭയമായിരുന്നു. മരണവരിയിൽ കിടക്കുന്നവന് പ്രതീക്ഷ നൽകുന്നത് ചിലപ്പോൾ വലിയ ക്രൂരതയാണ്. തന്റെ ജീവിതത്തിന്റെ അവസാനം പലതവണ കൺമുന്നിൽ കണ്ട, കൈകാലുകളിൽ വെൽഡിംഗ് ചെയ്ത ചങ്ങലകൾ ധരിച്ച ഒരു മനുഷ്യൻ! ആ ചങ്ങലകൾ മാറ്റാൻ മരണമെന്ന ഒരൊറ്റ വഴി മാത്രമേയുള്ളൂ എന്ന് അവൻ കണ്ടിട്ടുള്ളതാണ്.

'നീ ചെയ്ത കുറ്റമെന്താണ് റിച്ചാർഡ്? നീ എന്താണ് ചെയ്തത്?' ഞാൻ ചോദിച്ചു? 'കൊലപാതകം.' 'പക്ഷേ നിന്നെ കണ്ടിട്ട് ഒരു കൊലപാതകിയെപ്പോലെ തോന്നുന്നില്ലല്ലോ, ആരെയാണ് നീ കൊന്നത്? അവൻ ആ മനുഷ്യന്റെ പേര് പറഞ്ഞു. 'അത് എങ്ങനെയാണ് സംഭവിച്ചത്?' ഞങ്ങൾ ഒരു ബാറിലായിരുന്നപ്പോൾ വഴക്കുണ്ടായി. 'നീയാണോ ആ വഴക്ക് തുടങ്ങിയത്? ഞാനല്ല. പക്ഷേ ആ അടിപിടിക്കിടയിൽ ഞാൻ ആ മനുഷ്യനെ കൊന്നു പോയി റിച്ചാർഡ്, നീ പറയുന്നത് സത്യമാണെങ്കിൽ, ഞങ്ങൾ അതിനെ കൊലപാതകം എന്നല്ല, സ്വയരക്ഷ എന്നാണ് വിളിക്കുന്നത്. നിനക്ക് ഒരു വക്കീൽ ഉണ്ടായിരുന്നോ? റിച്ചാർഡ് ഒന്നും മിണ്ടാതെ കുറേനേരം ആ മരത്തിലേക്ക് നോക്കി നിന്നു. പിന്നീട് പരിഭാഷകൻ പതുക്കെ പറഞ്ഞു: 'റവറണ്ട് ബോങ്കെ, മരിച്ചയാൾ ഒരു ധനിക കുടുംബത്തിൽ നിന്നുള്ള ആളാണെങ്കിൽ, പണത്തിന് വേണ്ടി സാക്ഷി പറയാൻ ബുക്കാവുവിൽ ഒരുപാട് ആളുകൾ കാണും.' ഞങ്ങൾ ജയിൽ വിട്ടിറങ്ങി, അതിനുശേഷം ഞാൻ റിച്ചാർഡിനെ കണ്ടിട്ടില്ല. പിന്നീട് ആ നഗരത്തിലെ ഫുട്ബോൾ സ്റ്റേഡിയത്തിൽ 90,000 ത്തോളം ആളുകളെ സാക്ഷി നിർത്തി ഞാൻ പ്രസംഗിച്ചു. വലിയ ജനക്കൂട്ടം! ബുക്കാവു നഗരത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ജനക്കൂട്ടമായിരുന്നു അത്. ഞങ്ങൾ പ്രതീക്ഷിച്ചതിലും പ്രാർത്ഥിച്ചതിലും അപ്പുറമായിരുന്നു രക്ഷിക്കപ്പെട്ടവരുടെ എണ്ണം. ഞങ്ങൾ അത്യന്തം ആഹ്ലാദിച്ചു.

ക്രൂസേഡ് കഴിഞ്ഞ് ഞാൻ യാത്ര തിരിക്കുന്നതിന് മുൻപ്, അവിടുത്തെ ഒരു പ്രമുഖ രാഷ്ട്രീയ നേതാവിനെ കാണാൻ സ്റ്റീഫൻ വഴി ഒരു കൂടിക്കാഴ്ച കൂടി ക്രമീകരിച്ചു. അവന്റെ വലിയ ബംഗ്ലാവിൽ ഞങ്ങളെ ഒരു വെയിറ്റിംഗ് റൂമിലേക്ക് ഇരുത്തി, മണിക്കൂറുകളോളം കാത്തിരുത്തി. ഒടുവിൽ സെക്രട്ടറി വന്ന് പറഞ്ഞു, നേതാവ് സ്ഥലത്തില്ല, കിൻഷാസയ്ക്ക് പോയിരിക്കുകയാണ്. ഇത് സത്യമാണെങ്കിൽ, ഞങ്ങളുടെ ഈ യാത്ര ഒഴിവാക്കാമായിരുന്ന തരത്തിൽ അവർക്ക് ഇത് നേരത്തെ പറയാമായിരുന്നു. ഞാൻ ചിന്തിച്ചു. ഒന്നുകിൽ ഇത് കളവാണ്, അല്ലെങ്കിൽ ഈ വലിയ സുവിശേഷകൻ വെയിറ്റിംഗ് റൂമിൽ അനന്തമായ ക്ഷമ കാണിച്ച് തന്റെ ക്രിസ്ത്യാനിത്വം തെളിയിക്കണമെന്ന് അവർ തീരുമാനിച്ചിട്ടുണ്ടാകാം. പകരം അയാളുടെ ഭാര്യയെ കാണാൻ അനുവാദം ലഭിച്ചു. ആഡംബര വസ്ത്രങ്ങൾ ധരിച്ച, ശേബാ രാജ്ഞിയെപ്പോലെ രാജകീയഗാംഭീര്യമുള്ള ഒരു സ്ത്രീ മുറിയിലേക്ക് വന്നു. ഞാൻ അവരോട് റിച്ചാർഡിന്റെ കഥയും അവന്റെ നിരപരാധിത്വവും ഒരു നല്ല വക്കീൽ ഉണ്ടായിരുന്നെങ്കിൽ വധശിക്ഷ ഒഴിവാക്കാമായിരുന്നു എന്ന കാര്യവും വിവരിച്ചു. ജയിലിലെ അവന്റെ ആത്മീയ മാറ്റത്തെക്കുറിച്ചും ഞാൻ അവളോട് പറഞ്ഞു. അവൾ പറഞ്ഞതെല്ലാം ശ്രദ്ധയോടെ കേട്ടു. അല്പസമയത്തിന് ശേഷം അവൾ എഴുന്നേറ്റ് മാറി നിന്നു. തടവുകാരെ സാധാരണയായി മോചിപ്പിക്കാറില്ലെന്ന് പറഞ്ഞ അവൾ, കുറച്ചു കഴിഞ്ഞപ്പോൾ മുറിയിലുള്ള മറ്റ് അതിഥികളെയെല്ലാം പുറത്താക്കി എന്നോട് മാത്രം സംസാരിക്കാൻ തയ്യാറായി. അവൾ എന്റെ തൊട്ടുമുന്നിൽ വന്ന് പതുക്കെ പറഞ്ഞു: 'റവറണ്ട് ബോങ്കെ, നിങ്ങൾ ജർമ്മനിയിൽ നിന്നുള്ള വളരെ ശക്തനായ ഒരു മനുഷ്യനാണ്. വലിയ സ്വാധീനമുണ്ട്. എന്റെ ഭർത്താവ് നിങ്ങൾക്കായി ഒരു കാര്യം ചെയ്യണമെങ്കിൽ, നിങ്ങൾ എനിക്കായി ഒരു കാര്യം ചെയ്യണം. എന്റെ രണ്ട് മക്കൾക്ക് വിദേശത്ത് പഠിക്കാൻ ആവശ്യമായ വലിയ സ്കോളർഷിപ്പുകൾ നിങ്ങൾ സംഘടിപ്പിച്ചുതരണം. നിങ്ങൾ അത് എനിക്കായി ചെയ്യുമോ? പണം കൊടുത്ത് വധശിക്ഷ വാങ്ങാൻ കഴിയുന്ന ഒരു നാട്ടിൽ, ഒരു കൈക്കൂലിയിലൂടെ സ്വാതന്ത്ര്യം വിൽക്കാൻ നോക്കുന്ന ആ സ്ത്രീയെ കണ്ട് എനിക്ക് കഠിനമായ വിഷമം തോന്നി. ഞാൻ പറഞ്ഞു: 'എന്നോട് ക്ഷമിക്കണം, ഇത് എനിക്ക് ചെയ്യാൻ കഴിയില്ല. ഞാൻ ദൈവത്തിന്റെ ഒരു മനുഷ്യനാണ്. നീതിക്ക് വേണ്ടി ഞാൻ ഒരു അവിശുദ്ധ ഇടപാടും നടത്തില്ല. നിങ്ങളോടുള്ള എന്റെ മറുപടി 'ഇല്ല' എന്നാണ്. അവൾ ദേഷ്യത്തോടെ തിരിഞ്ഞുനടന്നു. റിച്ചാർഡിന്റെ ജീവനെയോർത്ത് ഞാൻ ഭയപ്പെട്ടു. അവൾ വാതിൽക്കൽ എത്തിയപ്പോൾ ഞാൻ അവളുടെ പേര് വിളിച്ച് വിരൽ ചൂണ്ടി ഉറക്കെ പറഞ്ഞു: 'റിച്ചാർഡ് മോചിതനാകുമെന്ന് ദൈവം എന്നോട് പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ വഴിക്ക് തടസ്സമായി നിൽക്കാൻ നോക്കരുത്!' അവൾ വാതിൽ ശക്തമായി വലിച്ചടച്ച് ഇറങ്ങിപ്പോയി. 'ഓ, കർത്താവേ, കൈക്കൂലിയുടെയും വഞ്ചനയുടെയും ശക്തിയാലല്ല, അങ്ങയുടെ ശക്തമായ കരങ്ങളാൽ റിച്ചാർഡിനെ രക്ഷിക്കേണമേ,' ഞാൻ പ്രാർത്ഥിച്ചു. ഭാരമേറിയ ഹൃദയത്തോടെയാണ് ഞാൻ അന്ന് ബുക്കാവു വിട്ടത്. റിച്ചാർഡിനെ ഞാൻ കണ്ടെത്തിയതുപോലെതന്നെ, മരണം കാത്തുനിൽക്കുന്ന ഒരു മനുഷ്യനെ ഞാൻ ഉപേക്ഷിച്ചു പോരുകയാണോ എന്ന് ഞാൻ ഭയപ്പെട്ടു. ആ രാഷ്ട്രീയക്കാരന്റെ ഭാര്യയുടെ ഹൃദയത്തിന്റെ ഏതെങ്കിലും ഒരു കോണിൽ ദൈവഭയമുണ്ടാകുമെന്നും പരിശുദ്ധാത്മാവ് എന്റെ വാക്കുകളെ അവരുടെ ഹൃദയത്തിൽ തറയ്ക്കാൻ ഇടയാക്കുമെന്നും മാത്രമായിരുന്നു എന്റെ ഒരേയൊരു പ്രത്യാശ. രണ്ട് വർഷങ്ങൾ കടന്നുപോയി. ഞാൻ ജർമ്മനിയിലായിരിക്കുമ്പോൾ ആ അത്ഭുത വാർത്ത എന്നെ തേടിയെത്തി. റിച്ചാർഡ് ജയിലിൽനിന്ന് പൂർണ്ണമായി മോചിതനായിരിക്കുന്നു! ഞാൻ സന്തോഷം കൊണ്ട് ആർത്തു വിളിച്ചു. അന്ന് എന്താണ് സംഭവിച്ചതെന്നോ അവന്റെ മോചനത്തിന് കാരണമെന്തെന്നോ ഇന്നുവരെ എനിക്കറിയില്ല. അതിന്റെ എല്ലാ മഹത്വവും സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിന് മാത്രമുള്ളതാണെന്ന് എനിക്ക് നന്നായറിയാം. പുറത്തിറങ്ങിയ റിച്ചാർഡ് ബുക്കാവുവിൽ ഒരു സ്വതന്ത്രമനുഷ്യനായി പുതിയജീവിതം ആരംഭിച്ചു. താൻ പഠിച്ചിരുന്ന പ്രാദേശിക സഭയിലെ പാസ്റ്ററോട് കെനിയയിലെ ബൈബിൾ കോളേജിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അവൻ പറഞ്ഞു. അവന് ഒരു പാസ്റ്ററാകണമായിരുന്നു! കൂടാതെ ഇംഗ്ലീഷ് സംസാരിക്കാൻ പഠിക്കണമെന്നും അവൻ ദൃഢനിശ്ചയം ചെയ്തിരുന്നു. ഈ വാർത്ത എന്റെയടുത്ത് എത്തിയപ്പോൾ ആ സ്കോളർഷിപ്പ് നൽകാൻ ഞാൻ അതീവസന്തുഷ്ടനായിരുന്നു! 'ക്രിസ്തു എല്ലാ ജനതകൾക്കും' എന്ന ഞങ്ങളുടെ സംഘടന റിച്ചാർഡിന്റെ ബൈബിൾ കോളേജ് പഠനച്ചെലവുകൾ മുഴുവൻ വഹിച്ചു. വർഷങ്ങൾക്ക് ശേഷം അവന്റെ ഓർഡിനേഷന്റെ വാർത്ത ഞാൻ അറിഞ്ഞു. ഞാൻ അവന് എന്റെ ആശംസകളും അഭിനന്ദനങ്ങളും അയച്ചു, അത് മനോഹരമായ ഒരു അവസാനമായി തോന്നി.

'റവറണ്ട് ബോങ്കെ, നിങ്ങൾ ജർമ്മനിയിൽ നിന്നുള്ള വളരെ ശക്തനായ ഒരു മനുഷ്യനാണ്. വലിയ സ്വാധീനമുണ്ട്. എന്റെ ഭർത്താവ് നിങ്ങൾക്കായി ഒരു കാര്യം ചെയ്യണമെങ്കിൽ, നിങ്ങൾ എനിക്കായി ഒരു കാര്യം ചെയ്യണം. എന്റെ രണ്ട് മക്കൾക്ക് വിദേശത്ത് പഠിക്കാൻ ആവശ്യമായ വലിയ സ്കോളർഷിപ്പുകൾ നിങ്ങൾ സംഘടിപ്പിച്ചുതരണം. നിങ്ങൾ അത് എനിക്കായി ചെയ്യുമോ? പണം കൊടുത്ത് വധശിക്ഷ വാങ്ങാൻ കഴിയുന്ന ഒരു നാട്ടിൽ, ഒരു കൈക്കൂലിയിലൂടെ സ്വാതന്ത്ര്യം വിൽക്കാൻ നോക്കുന്ന ആ സ്ത്രീയെ കണ്ട് എനിക്ക് കഠിനമായ വിഷമം തോന്നി. ഞാൻ പറഞ്ഞു: 'എന്നോട് ക്ഷമിക്കണം, ഇത് എനിക്ക് ചെയ്യാൻ കഴിയില്ല.




ഐപിസി മലബാർ മേഖലയ്ക്ക് പുതിയ നേതൃത്വം



കുമ്പനാട്: ഐപിസി മലബാർ മേഖലയ്ക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. രക്ഷാധികാരിയായി പാസ്റ്റർ എം.വി. മത്തായി (പാലക്കാട് നോർത്ത്), പ്രസിഡന്റായി പാസ്റ്റർ ബാബു ഏബ്രഹാം (കോഴിക്കോട്), സെക്രട്ടറിയായി പാസ്റ്റർ ഫിജി ഫിലിപ്പ് (മീനാക്ഷിപുരം), ട്രഷററായി ജോർജ് തോമസ് (വടക്കഞ്ചേരി) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ഐപിസി കേരള സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ഭാരവാഹികളെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഡാനിയേൽ കൊന്നനിൽക്കുന്നതിൽ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ ഷിബു നെടുവേലിൽ, സ്റ്റേറ്റ് ജോ. സെക്രട്ടറിമാരായ പാസ്റ്റർ കെ.സി. ഉമ്മൻ, ഗ്ലാഡ്സൺ ജേക്കബ്, സ്റ്റേറ്റ് ട്രഷറർ ബിനു വി. ജോർജ് എന്നിവർ പ്രസംഗിച്ചു.

മറ്റു ഭാരവാഹികളായി പാസ്റ്റർ ജെയിംസ് വർഗീസ് ഇരിട്ടി, പാസ്റ്റർ ചാക്കോ ദേവസ്യ പട്ടാമ്പി, പാസ്റ്റർ എം.കെ. ജോയ് ഒലവക്കോട് (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ പി.ഡി. രമേശ് ആലത്തൂർ, പാസ്റ്റർ ബേബി വി. കുര്യാക്കോസ് മാനന്തവാടി, പി.വി. മാത്യു പാലക്കാട് നോർത്ത്, ഏബ്രഹാം വടക്കേത്ത് വടക്കഞ്ചേരി (ജോയിന്റ് സെക്രട്ടറിമാർ), പാസ്റ്റർ തോമസ് തോമസ് വയനാട് (ജനറൽ കോഓർഡിനേറ്റർ), സജി മത്തായി കാതേട്ട് മഞ്ചേരി (പ്രോഗ്രാം കോഓർഡിനേറ്റർ), സന്ദീപ് വിളമ്പുകണ്ടം കൽപ്പറ്റ (മീഡിയ & പബ്ലിസിറ്റി), ഷിജു മാത്യു ആലത്തൂർ, പാസ്റ്റർ ജോൺ മമ്മരപ്പള്ളി നിലമ്പൂർ, പാസ്റ്റർ ടി.എസ്. ജോസഫ് കൽപ്പറ്റ, പാസ്റ്റർ അനിൽ ജോൺ വണ്ടൂർ നിലമ്പൂർ സൗത്ത്, പാസ്റ്റർ പി.സി. മാത്യു കോഴിക്കോട്, പാസ്റ്റർ ജിജോ സെബാസ്റ്റ്യൻ വയനാട്, പാസ്റ്റർ സാബു ചാക്കോ തിരുവമ്പാടി (പ്രൊമോഷണൽ സെക്രട്ടറിമാർ), പാസ്റ്റർ വി.ടി. അന്ത്രയോസ് കുറ്റിപ്പുറം, പാസ്റ്റർ റെജി ഗോവിന്ദാപുരം മീനാക്ഷിപുരം (പ്രയർ ബോർഡ് കൺവീനേഴ്സ്) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

കൂടാതെ കമ്മിറ്റി അംഗങ്ങളായി സണ്ണി ബത്തേരി (വയനാട്), പാസ്റ്റർ നോബി തങ്കച്ചൻ (വടക്കഞ്ചേരി), പാസ്റ്റർ സിജു തിരുപ്പൂർ (പാലക്കാട് നോർത്ത്), പാസ്റ്റർ ബിനോയ് പൂന്തോട്ടം (പട്ടാമ്പി), പാസ്റ്റർ മനോജ് വി. അച്ചൻകുഞ്ഞ്, ജോർജ് തോമസ് നിലമ്പൂർ എന്നിവരെയും തിരഞ്ഞെടുത്തു. വടക്കഞ്ചേരി ഐപിസി ഗോസ്പൽ സെന്ററിൽ നടന്ന സമ്മേളനത്തിൽ മലബാർ മേഖലയിലെ 22 സെന്ററുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. ഐപിസി കേരള സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളും മലബാറിലെ വിവിധ സെന്റർ ശുശ്രൂഷകന്മാരും സെന്റർ ഭാരവാഹികളും പുത്രികാ സംഘടന ഭാരവാഹികളും പങ്കെടുത്തു.



പാസ്റ്റർ വി. പി. ഫിലിപ്പിന് ഡോക്ടറേറ്റ്



ഐ.പി.സി. ബഹ്റൈൻ സഭയുടെ ശുശ്രൂഷകനും എഴുത്തുകാരനും പ്രഭാഷകനുമായ വി. പി. ഫിലിപ്പിന് സെനറ്റ് ഓഫ് സെറാംപൂർ യൂണിവേഴ്സിറ്റിയിൽനിന്നു ഡോക്ടറേറ്റ് ലഭിച്ചു. ക്രൈസ്തവ യുവജനങ്ങളിൽ സൈബർ സുരക്ഷയുടെ പ്രഭാവവും മാധ്യമ വിദ്യാഭ്യാസ രൂപീകരണവും എന്ന തീസിസിലാണ് സെനറ്റിന്റെ ഗവേഷണ വിഭാഗമായ SATHRI യിൽ നിന്ന് ഡോക്ടർ ഓഫ് മിനിസ്ട്രി ലഭിച്ചത്. എഫ്. ടി. എസ്സ്. മണക്കാലായിലും യു. ടി. സി. ബാംഗ്ലൂരിലും വേദശാസ്ത്ര പഠനം നടത്തിയിട്ടുണ്ട്. കേരളത്തിന് അകത്തും പുറത്തും സഭാ ശുശ്രൂഷ ചെയ്തിട്ടുള്ള അദ്ദേഹത്തിന്റെ പുസ്തകങ്ങൾ മലയാള സമൂഹം സ്വീകരിച്ചിട്ടുണ്ട്.

പെന്തെക്കൊസ്ത് മിഷൻ (എൻ.ടി.സി) രാജ്യാന്തര കൺവെൻഷൻ

ജൂലൈ 8 മുതൽ പെൻസൽവേനിയിൽ

ചാക്കോ കെ. തോമസ്, ബെംഗളൂരു



യു.എസ്: ലോകത്തിൽ 65 ൽ പരം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ അമേരിക്കയിലെ രാജ്യാന്തര കൺവൻഷനായ 'ന്യൂ ടെസ്റ്റ്മെന്റ് ചർച്ച്' കൺവൻഷൻ ജൂലൈ 8 മുതൽ 12 വരെ അമേരിക്കയിലെ പെൻസൽവേനിയിൽ നടക്കും. പെൻസൽവേനിയ ഇന്ത്യാനാ യൂണിവേഴ്സിറ്റിയിലെ കൺവൻഷൻ സെന്ററിൽ ജൂലൈ 8 ന് കൺവെൻഷൻ ആരംഭിക്കും. വ്യാഴം, വെള്ളി ദിവസങ്ങളിൽ രാവിലെ 10ന് പൊതുയോഗം ഉച്ചയ്ക്ക് 2 മുതൽ 4 വരെ യുവജന സെമിനാർ, കുട്ടികൾക്കായുള്ള സെമിനാർ, ശനിയാഴ്ച രാവിലെ 10ന് പൊതുയോഗവും ഉച്ചയ്ക്ക് 2 മുതൽ 4 വരെ ഉപവാസ പ്രാർഥനയും ദിവസവും വൈകിട്ട് 7ന് ഗാനശുശ്രൂഷ സുവിശേഷ പ്രസംഗം, രോഗശാന്തി ശുശ്രൂഷ എന്നിവ ഉണ്ടായിരിക്കും. യുഎസ്, കാനഡ, മെക്സിക്കോ തുടങ്ങി വിവിധയിടങ്ങളിൽ നിന്നും ഇന്ത്യാ, ഗൾഫ്, ആഫ്രിക്ക തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നുള്ള മൂവായിരത്തോളം ശുശ്രൂഷകരും വിശ്വാസികളും കൺവെൻഷനിൽ പങ്കെടുക്കുന്നുണ്ട്. സഭയുടെ ചീഫ് പാസ്റ്റർ, പ്രധാന ശുശ്രൂഷകർ എന്നിവർ പ്രസംഗിക്കും. സമാപന ദിവസമായ ജൂലൈ 12 ഞായറാഴ്ച രാവിലെ ഒൻപതിന് ന്യൂയോർക്ക്, ചിക്കാഗോ, ഡാളസ്, ഹൂസ്റ്റൻ, ഒർലാന്റോ, ഒക്കലഹോമ, വാഷിംഗ്ടൺ, കാനഡ, മെക്സിക്കോ തുടങ്ങി അമേരിക്കയിലെ 40 പ്രാദേശിക സഭകളിലെ നൂറിലധികം ശുശ്രൂഷകരും ആയിരക്കണക്കിന് വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത സഭാ ആരാധനയോടെ കൺവൻഷൻ സമാപിക്കും. ന്യൂജേഴ്സി, ന്യൂയോർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നോർത്ത്, സൗത്ത് അമേരിക്ക, ആഫ്രിക്ക, പാപാനൂഗിനിയ തുടങ്ങിയ അമേരിക്കൻ ഐക്യനാടുകളിലെ ന്യൂ ടെസ്റ്റ്മെൻറ് ചർച്ചിന്റെ മുഖ്യ ചുമതല വഹിക്കുന്ന പാസ്റ്റർ.ഗ്രെഗ് വിൽസണും സഹ ശുശ്രൂഷകരും രാജ്യാന്തര കൺവൻഷന് നേതൃത്വം നൽകും. അപ്പൊസ്തലിക പ്രതിഷ്ഠയും വിശ്വാസ ജീവിതവുമായി തൃശൂർ ജില്ലയിലെ ഏങ്ങണ്ടിയൂരിൽ ജനിച്ച രാമൻകുട്ടി എന്ന പാസ്റ്റർ പോൾ 1924ൽ ശ്രീലങ്കയിൽ സിലോൺ പെന്തെക്കോസ്ത് മിഷൻ എന്ന പേരിൽ സ്ഥാപിച്ച സഭയാണ് ഇന്ന് അമേരിക്കൻ ഐക്യനാടുകളിൽ ന്യൂ ടെസ്റ്റ്മെന്റ് ചർച്ച് എന്ന പേരിൽ അറിയപ്പെടുന്നത്. പെന്തെക്കോസ്ത് മിഷൻ സഭ വിവിധ രാജ്യങ്ങളിൽ വിവിധ പേരുകളിലാണ് അറിയപ്പെടുന്നത്. ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യൂ, ഡപ്യൂട്ടി ചീഫ് പാസ്റ്റർ എസ്. ഏബ്രഹാം (ലാലു), അസോസിയേറ്റ് ഡപ്യൂട്ടി ചീഫ് പാസ്റ്റർ ജി. ജെയം എന്നിവരാണ് സഭയെ നയിക്കുന്നത്. സഭയുടെ കേരളത്തിലെ ആസ്ഥാന മന്ദിരം കൊട്ടാരക്കരയിലും ഇന്ത്യയിൽ ചെന്നൈ ഇരുമ്പല്ലിയൂരിലും ശ്രീലങ്കയിൽ മട്ടകുളിയിലും അമേരിക്കയിൽ ന്യൂയോർക്കിലുമാണ്. സഭയുടെ രാജ്യാന്തര കൺവൻഷൻ നടക്കുന്നതും പുതിയ ശുശ്രൂഷകരെ തിരഞ്ഞെടുക്കുന്നതും ഇവിടങ്ങളിലാണ്.

ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് പുതിയ നേതൃത്വം





തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാസംഘടനയായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് (CEM) 202628 കാലഘട്ടത്തിലെ കമ്മിറ്റി നിലവിൽ വന്നു. തിരുവല്ല ശാരോനിൽ വച്ച് സി. ഇ. എം ന്റെ ജനറൽ ബോഡിയോഗം നടന്നു. ശാരോൻ ഫെലോഷിപ്പ് ജനറൽ കൗൺസിൽ നിയോഗിച്ച പാസ്റ്റർ പി. വി. ചെറിയാൻ (SFC Managing Ministers Council General Secretary), പാസ്റ്റർ തോമസ് യോഹന്നാൻ (SFC Ministers Council Secretary) എന്നിവരുടെ നേതൃത്വത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ 2026–2028ലേക്കുള്ള ജനറൽ & എക്സിക്യൂട്ടീവ് കമ്മറ്റികൾ തിരഞ്ഞെടുത്തു.

തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മറ്റി: ജനറൽ പ്രസിഡന്റ്: പാസ്റ്റർ വിൻസെന്റ് മാത്യൂ, സീനിയർ വൈസ് പ്രസിഡന്റ്: പാസ്റ്റർ സാബു യോഹന്നാൻ, ജൂനിയർ വൈസ് പ്രസിഡന്റ്: ബ്രദർ സന്തോഷ് കൊറ്റാമം, ജനറൽ സെക്രട്ടറി: പാസ്റ്റർ പോൾസൺ. വി. എസ്സ്, ജനറൽ (ട്രഷറാർ: ബ്രദർ ബോബി മാത്യൂ, അസോ. സെക്രട്ടറി: ബ്രദർ ബ്ലസൺ ജോർജ്ജ്, അസോ. ട്രഷറാർ: ബ്രദർ ജോബി. റ്റി. ബാബു, മെമ്പർഷിപ്പ് സെക്രട്ടറി: പാസ്റ്റർ ജോയൽ ജോസ്, താലന്ത് പരിശോധന സെക്രട്ടറി: ബ്രദർ ആൽവിൻ കെ മാത്യൂ, പബ്ലിസിറ്റി കൺവീനർ: പാസ്റ്റർ ജോബിസ് ജോസ്, മീഡിയ & ലിറ്ററേച്ചർ: പാസ്റ്റർ ജോൺസൺ സി. സാം, ജനറൽ കോഡിനേറ്റർ: പാസ്റ്റർ സുമേഷ് എസ്സ്, പ്രയർ കോഡിനേറ്റർ: പാസ്റ്റർ ജോമോൻ ജെ. **കമ്മറ്റി അംഗങ്ങൾ:** പാസ്റ്റർ ജോൺ പി. തോമസ്, പാസ്റ്റർ എൽദോസ് കുരിയാക്കോസ്, പാസ്റ്റർ നിജു ബേബി, പാസ്റ്റർ സാം ആന്റണി, പാസ്റ്റർ ഷിബു ഇ.എൽ, പാസ്റ്റർ പ്രവീൺകുമാർ, പാസ്റ്റർ സാജൻ പി. സി, ബ്രദർ ഇമ്മാനുവേൽ എം. എം.

തിമിംഗല 'ചർദ്ദി'..!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വളരെ അപൂർവമായി ലഭിക്കുന്ന ഒരു അമൂല്യവസ്തുവാണ് തിമിംഗല ഛർദ്ദി. ഇംഗ്ലീഷിൽ അംബർഗ്രീസ് എന്നാണ് ഇത് അറിയപ്പെടുന്നത്. സ്പേംവെയിൽ (എണ്ണത്തിമിംഗലം) എന്ന ഇനം തിമിംഗലത്തിന്റെ ദഹനേന്ദ്രിയത്തിൽനിന്ന് പുറത്തുവരുന്നതാണ് ഈ വസ്തു (ഛർദ്ദി തന്നെയായിരിക്കണമെന്നില്ല, വിസർജ്ജ്യമായിട്ടാണ് കൂടുതലും പുറത്തുവരുന്നത്). ലോകത്തിൽ വിവിധയിനം തിമിംഗലങ്ങൾ ഉണ്ടെങ്കിലും സ്പേംവെയിലിന് മാത്രമുള്ള പ്രത്യേകതയാണ് ഇത്. പക്ഷേ, തിമിംഗലത്തിന്റെ വയറ്റിൽനിന്ന് പുറത്തുവരുന്ന സമയത്ത് അതിന് വലിയ ദുർഗന്ധമാണ്. മാസങ്ങളും വർഷങ്ങളും കടൽജലത്തിൽ കിടന്ന് പഴകുന്നതോടെ സമുദ്രജലത്തിലെ വിവിധസൂക്ഷ്മാണുക്കളുടെ പ്രവർത്തനഫലമായി ക്രമേണ ദുർഗന്ധം മാറി സുഗന്ധമായിത്തീരുന്നു!

ഒരു ജന്തുവിന്റെ ദുർഗന്ധം വമിക്കുന്ന വിസർജ്ജ്യത്തെ സുഗന്ധമുള്ളതും വിലയേറിയതും ആയ ഒരു വസ്തുവാക്കി രൂപാന്തരപ്പെടുത്തുന്ന സമുദ്രത്തിലെ സൂക്ഷ്മജീവികളുടെ പ്രവർത്തനം നമ്മെ നിശ്ചയമായും അതിശയിപ്പിക്കുന്ന സംഗതിയാണ്. വിദേശരാജ്യങ്ങളിൽ ഇതിന് വലിയ വാണിജ്യമൂല്യമാണ്. ഒരു കിലോ തിമിംഗലഛർദ്ദിക്ക് ആയിരക്കണക്കിന് ഡോളർ വിലയുണ്ട്. വിലയേറിയ സുഗന്ധദ്രവ്യങ്ങൾ നിർമ്മിക്കുന്നതിൽ ഈ വസ്തു ചേർക്കുന്നു. നമ്മുടെ രാജ്യത്ത് ഇത് കൈവശം വയ്ക്കുന്നതും വില്ക്കുന്നതും കുറ്റമാണ്. കോടിക്കണക്കിന് രൂപ വിലമതിക്കുന്ന അമ്പർഗ്രീസുമായി കേരളത്തിൽ ചിലർ പിടിയിലായ വാർത്ത കുറെനാൾ മുമ്പ് നാം കേട്ടതാണ്. ഗൾഫ് രാജ്യമായ ഒമാന്റെ തീരങ്ങളിലാണ് ലോകത്ത് ഏറ്റവും അധികം തിമിംഗലഛർദ്ദി ലഭിക്കാറുള്ളത്.



ആത്മീയ ജീവിതത്തിലും ഇതിൽനിന്ന് പല പാഠങ്ങളും നമുക്ക് പഠിക്കാനുണ്ട്.

പാപികളായ മനുഷ്യരുടെ സ്വഭാവം സ്വതവെ ദുർഗന്ധപൂരിതമാണ് എന്ന് പറയാം. എന്നാൽ ക്രിസ്തുയേശുവിന്റെ പ്രായശ്ചിത്തമരണത്തിലൂടെ ദൈവം നല്കുന്ന സൗജന്യമായ നീതീകരണം അവനിൽ വിശ്വസിക്കുന്നവർക്കാണ് ലഭിക്കുക. മാനസാന്തരപ്പെട്ട് അവനോട് പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നതോടെ നമ്മുടെ സ്വഭാവത്തിലും ഒരു വലിയ മാറ്റം സംഭവിക്കുന്നു. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു" എന്ന് അതിനെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് പറയുന്നു (2കൊരി. 5:17).

ജീവിതത്തിൽ ചെയ്തുപോയ തെറ്റുകളെക്കുറിച്ച് അനുതപിക്കുന്നവർ തിരിഞ്ഞുനോക്കി അത് നാറ്റം പിടിച്ച സ്ഥിതിയിലായിരുന്നു എന്ന് സൂചിപ്പിക്കാറുണ്ട്. "നാറ്റം പിടിച്ചു ഞാൻ ചേറ്റിൽ കിടന്നപ്പോൾ ഏറ്റിയ കർത്തനെ വാഴ്ത്തുന്നിപ്പോൾ" എന്ന് പാട്ടുകാരൻ പാടുന്നത് അതുകൊണ്ടാണല്ലോ.

"ക്രിസ്തുവിൽ ഞങ്ങളെ എല്ലായ്പോഴും നടത്തുകയും എല്ലാടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന് സ്തോത്രം. രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു... ജീവനിൽനിന്ന് ജീവങ്കലേക്കുള്ള വാസനതന്നേ" (2കൊരി. 2:14-16) എന്ന് അപ്പോസ്തലൻ പറയുന്നു. ബെഥാന്യയിലെ ലാസർ മരിച്ച് കല്ലറയിൽ വച്ച് നാല് നാൾ കഴിഞ്ഞശേഷം അവിടെയെത്തിയ കർത്താവ് കല്ല് നീക്കുവിൻ എന്ന് പറഞ്ഞപ്പോൾ മരിച്ചവന്റെ സഹോദരിയായ മാർത്ത: "കർത്താവേ, നാറ്റം വച്ച് തുടങ്ങി; നാല് ദിവസമായല്ലോ" എന്ന് പറയുന്നുണ്ട് (യോഹ. 11:39). എന്നാൽ "ലാസരേ പുറത്തുവരിക" എന്ന ക്രിസ്തുവിന്റെ ശബ്ദം കല്ലറയ്ക്കുള്ളിലേക്ക് മുഴങ്ങിയപ്പോൾ നാല് ദിവസമായി ചീഞ്ഞഴുകിത്തുടങ്ങിയ നാറ്റംവച്ച ഒരു ശരീരമല്ല, ജീവന്റെ വാസനയുമായിട്ടാണ് ലാസർ പുറത്തേക്ക് വന്നത്. അതുപോലെ ക്രിസ്തുവിന്റെ ശബ്ദം ഇന്നും എന്നും മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നതാണ്.

കടലിൽ ഒഴുകിനടക്കുന്ന തിമിംഗലഛർദ്ദിക്ക് രൂപാന്തരം സംഭവിച്ച് സുഗന്ധവസ്തുവായിത്തീരുകയും അത് തീയിൽ ഇടുമ്പോൾ ഉയരുന്ന ധൂപം മറ്റുള്ളവർക്ക് സൗരഭ്യം പകരുകയും ചെയ്യുന്നപോലെ, ലോകമാകുന്ന സമുദ്രത്തിൽ യാനം ചെയ്യുന്ന യഥാർത്ഥ ക്രിസ്ത്യാനിക്ക് പരിശുദ്ധാത്മാവിന്റെ പരിവർത്തനം മൂലം രൂപാന്തരം സംഭവിക്കുന്നു.

ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ അഗ്നിശോധനകളിലൂടെ കടന്നുപോകുമ്പോൾ ഉള്ളിൽനിന്ന് ഉയരുന്ന ആഴമായ പ്രാർത്ഥന ദൈവത്തിന്റെ സന്നിധിയിൽ സൗരഭ്യവാസനയുള്ള ധൂപമായിട്ടാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. വിശുദ്ധന്മാരുടെ പ്രാർത്ഥനകളെ സ്വർഗ്ഗത്തിൽ ധൂപവർഗ്ഗമായി സ്വീകരിക്കുന്നതിനെ വെളിപ്പാട് പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട് (5:8; 8:3,4). "എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും ഞാൻ കൈകളെ മലർത്തുന്നത് സന്ധ്യായാഗമായും തീരട്ടെ" എന്ന് സങ്കീർത്തനത്തിൽ (141:2). ദാവീദ് പ്രാർത്ഥിക്കുന്നു. മനോവ്യഥകൾ നെരിപ്പോടു പോലെ നമ്മുടെ ഉള്ളത്തെ കത്തിക്കുന്നവേളയിലും ദൈവസന്നിധിയിലേക്ക് ഹൃദയം പകർന്ന് പ്രാർത്ഥിക്കുവാൻ ക്രിസ്തുവിന്റെ കൃപയാൽ സാധിക്കും. അത് ദൈവമുമ്പാകെ സൗരഭ്യമുള്ള ധൂപമായി കൈക്കൊള്ളപ്പെടുന്നു.

ദുർഗന്ധം വമിക്കുന്ന സ്വഭാവങ്ങളും ശീലങ്ങളുമെല്ലാം ക്രിസ്തുയേശുവിന്റെ കൃപയാൽ നീങ്ങിപ്പോകുകയും തൽസ്ഥാനത്ത് നീതിയും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള സ്വഭാവങ്ങൾ രൂപപ്പെടുകയും ചെയ്യുന്ന അതിശയം ദൈവം തന്നെയാണ് നമ്മിൽ ചെയ്യുന്നത്. "എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുന്ന ദൈവത്തിന് സ്തോത്രം. രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു എന്ന് പറഞ്ഞിട്ട് എന്നാൽ ഇതിന് ആർ പ്രാപ്തൻ? എന്ന് പൗലോസ് അപ്പോസ്തലൻ ചോദിക്കുന്നു.

ലോകത്തിന്റെ ഒഴുക്കിൽപ്പെട്ട് മരണത്തിൽനിന്ന് മരണത്തിലേക്കുള്ള വാസനയുമായി പൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യരെ രക്ഷിച്ചെടുത്ത് അവർക്ക് ജീവനിലേക്കുള്ള വാസന സമ്മാനിക്കുവാൻ പ്രാപ്തൻ ക്രിസ്തുവല്ലാതെ മറ്റാരുണ്ട്? "അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ" എന്നാണ് 2 കൊരി. 5:18-ൽ പറയുന്നത്.

യഥാർത്ഥ അമ്പർഗ്രീസ് കൈവശം വയ്ക്കുന്നത് കുറ്റകരമായി കണക്കാക്കുന്ന നിരവധി രാജ്യങ്ങൾ ഇപ്പോൾ അതിന് പകരം ലാബിൽ കൃത്രിമമായി ഉണ്ടാക്കുന്ന ഒരു പദാർത്ഥത്തെയാണ് സുഗന്ധദ്രവ്യങ്ങൾക്കൊപ്പം ചേർക്കുന്നത്. അതുപോലെ സഭാമണ്ഡലത്തിലും ധാരാളം കൃത്രിമക്കാരുണ്ട്. കള്ളയപ്പോസ്തലന്മാരും കള്ളപ്രവാചകന്മാരും കപടവേലക്കാരും വ്യാജ ഉപദേഷ്ടാക്കളുമെല്ലാം ആദിമനൂറ്റാണ്ടിൽത്തന്നെ ക്രിസ്തുവിന്റെ സഭയ്ക്കുള്ളിൽ നുഴഞ്ഞുകയറിയെന്ന് സൂചിപ്പിക്കുന്ന തിരുവെഴുത്തുകൾ പുതിയനിയമത്തിലുണ്ട്. അതിനെതിരെ ജാഗ്രത പുലർത്തണമെന്ന് പ്രബോധിപ്പിക്കുകയും ചെയ്യുന്നു. ഈ അന്ത്യകാലത്ത് അത് എത്ര അധികം വർദ്ധിച്ചിരിക്കുന്നുവെന്ന് പറയേണ്ടതില്ലല്ലോ. പക്ഷേ അത്തരക്കാരുടെ പ്രാർത്ഥന ധൂപമായി സ്വർഗ്ഗത്തിലേക്ക്, ദൈവസന്നിധിയിലേക്ക് എത്തുകയില്ല!

പിസിനാക് കോൺഫെറെൻസിന്...

(1-ാം പേജ് തുടർച്ച)

ന്ന ഇംഗ്ലീഷ് സെഷനിൽ ഡോക്ടർ ജോൺ ബിവിയർ മുഖ്യപ്രസംഗകനായിരുന്നു. യുവജനങ്ങളുടെ വലിയ പങ്കാളിത്തം ഇംഗ്ലീഷ് സെഷനിൽ ദൃശ്യമാണ്.

ദിവസവും രാവിലെ എട്ടര മണിക്ക് സമ്മേളന പരിപാടികൾ ആരംഭിക്കും. വൈകിട്ട് പതിനൊന്നരയോടെ നടക്കുന്ന കാത്തിരിപ്പ് യോഗത്തോടെയാണ് ഓരോ ദിവസത്തെയും പരിപാടികൾ അവസാനിക്കുന്നത്.

പ്രവാസ ജീവിതത്തിലും യേശുക്രിസ്തു....

(1-ാം പേജ് തുടർച്ച)

യും സിയോൺ പർവ്വതത്തിൽ പെയ്യുന്ന ഹെർമോന്യ മഞ്ഞു പോലെയും ആകുന്നു. അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതവുമായുള്ള ജീവനും കൽപ്പിച്ചിരിക്കുന്നത് എന്ന് 133-ാമത്തെ സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നത് പോലെ നിങ്ങളുടെ കൂട്ടായ്മകൾ മനുഷ്യ മോചനത്തിനും വീണ്ടെടുപ്പിനുമായി തീരട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. പ്രവാസജീവിതം നയിക്കുന്ന നിങ്ങളുടെ പൈതൃകവും പാരമ്പര്യവും സംസ്കാരവും നിലകൊള്ളുന്ന കേരളത്തിന്റെ അഭിവൃദ്ധിയ്ക്കും ഐശ്വര്യത്തിനും ആയി പ്രാർഥനയും സഹകരണവും പ്രതീക്ഷിക്കുന്നതായി അദ്ദേഹം ആശംസാസന്ദേശത്തിൽ സൂചിപ്പിച്ചു കൺവെൻഷന് എല്ലാവിധ നന്മകളും അനുഗ്രഹങ്ങളും നേരുന്നു എന്നോടൊപ്പം ദൈവത്തിന്റെ അനുഗ്രഹം നിങ്ങൾക്ക് ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതായും അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു. കേരള മുഖ്യമന്ത്രിയുടെ ആശംസ സന്ദേശം നാഷണൽ മീഡിയ കോർഡിനേറ്റർ കുര്യൻ ഫിലിപ്പ് ഉദ്ഘാടന സമ്മേളനത്തിൽ വായിച്ചു.

നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് ...

(1-ാം പേജ് തുടർച്ച)

ഹിക സേവന സ്ഥാപനങ്ങളും ഏതെങ്കിലും മെത്രാന്റെയോ സന്യാസ സഭാ മേധാവിയുടെയോ സ്വകാര്യ സ്വത്തല്ല. തലമുറകളായി വിശ്വാസികൾ സമർപ്പിച്ച നേർച്ചപ്പണവും സംഭാവനകളും സമൂഹത്തിന്റെ വിശ്വാസവും അനേകരുടെ ത്യാഗപൂർണമായ സേവനവുമാണ് ഈ സ്ഥാപനങ്ങളുടെ യഥാർത്ഥ മൂലധനം. രൂപതകളുടെയും സന്യാസസഭകളുടെയും സ്ഥാപനങ്ങൾ ട്രസ്റ്റ് സംവിധാനങ്ങളുടെയും ഭരണസമിതികളുടെയും സാമ്പത്തിക സമിതികളുടെയും നിയമാനുസൃതമായ സംവിധാനങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നത്. സ്ഥാപനങ്ങളുടെ ആത്മീയവും ഭരണപരവുമായ നേതൃത്വം നൽകുകയും അവയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ സാഹചര്യം ഒരുക്കുകയും ചെയ്യുക എന്നതാണ് മെത്രാൻമാരുടെയും പ്രൊവിൻഷ്യൽ സുപ്പീരിയർമാരുടെയും ഉത്തരവാദിത്വം. അതിനാൽ ആശുപത്രികളുടെ ഭരണപരമായ എല്ലാ വിഷയങ്ങൾക്കും മെത്രാൻമാരെ വ്യക്തിപരമായി ഉത്തരവാദികളാക്കി അവഹേളിക്കുന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല എന്ന് പ്രോ ലൈഫ് ഗ്ലോബൽ ഫെലോഷിപ്പ് ചെയർമാനും കെ.സി.ബി.സി. പ്രോ ലൈഫ് സമിതിയുടെ ആനിമേറ്ററുമായ സാബു ജോസ് പറഞ്ഞു.

കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം...

(1-ാം പേജ് തുടർച്ച)

ഷിച്ച സൂസൻ ബി. ജോൺ നിരവധി അവാർഡുകൾ നേടിയിട്ടുണ്ട്. രാജൻ ആര്യപ്പള്ളിൽ പ്രസിഡന്റ്, സാം മാത്യൂ വൈസ് പ്രസിഡന്റ്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ എബിൻ അലക്സ് ജോ സെക്രട്ടറി, ഡോ. ജോളി ജോസഫ് ട്രഷറാർ, ഡോ. ഷൈനി സാം ലേഡീസ് കോർഡിനേറ്റർ എന്നിവർ കെ.പി.ഡബ്ല്യു. എഫ് ദേശീയ ഭാരവാഹികളായിരുന്നു.

RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
MATHEW C. SAMUEL

SFR, ABR, SRES, SRS, GRI, AHWD
469 258 8118 - cell
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com,
www.beamrealestate.com

ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ
മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും
നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44

SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

Phone - 22411060, Mob: 9382599333

MM 60/26 US-settled, God-fearing Christian boy (26), professionally qualified with degree in business studies, currently employed with a multinational company, well-settled, talented, and family-oriented. Parents are seeking a suitable God-fearing Christian girl, preferably from the medical field, for marriage.
For further details, please contact:
469-858-2999

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 59/26 Syrian Christian Pentecostal parents from Pathanamthitta District invite suitable proposals for their son, 45 yrs, widower since 7 years, Pastoring a church and involved in church planting ministry across India, with B.A, M.Div, ITES and persuing Doctorate from a reputed international University.
Parents of suitable girls/widows who have a calling for full-time ministry please contact
+91 9847854225

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 58/26 CNI parents Mumbai invite proposals for their daughter, 32, DOB: 03.11.1993, 5.2ft, B.Sc. Zoology, B.Ed. MSc., M.Ed., MA English Literature., MSW, Teacher. Seeking suitable alliance from God fearing ministry minded person from anywhere in India or abroad. Better job or Business person.
9969819656
Email:
chauhansurekha311@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 57/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 56/26 ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ്. 29 വയസ്. 162 സെ.മീ.ഉയരം. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ. കൊച്ചിയിൽ സ്റ്റാർ ഹോട്ടലിൽ എഫ്& ബി. മാനേജരായി ജോലി. അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.'
9567525255, 9744043028

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 55/26 തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹമോചിതയായ പെന്തക്കോസ്ത് യുവതി. 28 വയസ്. 150 സെ.മീ., ബി.എ.,അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
9744632187

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 54/26 പെന്തക്കോസ്ത് യുവതി. 29 വയസ്. 161 സെ. മീ., ഫാം ഡി., ക്ലിനിക്കൽ ഫാർമസിസ്റ്റായി ജോലി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
9744561980

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 53/26 Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.
9446685615

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.
Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി.എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.
8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖



MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:
9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM47/26 നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
9645681023, 7025423796

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:
9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM45/26 Upper-middle-class Syrian Christian Pentecostal parents invite proposals for their son, Dob: 03/09/1988, 165 cm B. Tech (CS). Currently an IT Manager at Consumerfed, Ernakulam. The groom has a fair complexion, belongs to the Church of God and hails from Konni. He is looking for a God-fearing, baptized, educated, and family-oriented bride.
Ph. +919495026157

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications-Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone
WhatsApp +9181130 34181
or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM42/25 Syrian Chrstian Pentacostal girl 36, 5"2" (20.4.1989) M.Sc Nurse working (associate professor) seeking suitable alliance
Ph: 7025528037

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.
Ph: 9444951080,
9382599333
ckreji@gmail.com,
ckreji@hotmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM40/25 Syrian Christian Pentecostal parents (Govt. Employed) invite suitable proposals for their daughter, 26,(DOB-28/12/1998), 167cm, fair, MA(Eng. Lit), B Ed. and presently pursuing Bank/ Govt.tests,from parents of employed Pentecost boys.
Mob-9446909546,
9400751030.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM38/25 പെന്തെക്കോസ്തു വിശ്വാസിയായ മിശ്രവിവാഹിതരുടെ മകൾ 27 വയസ്സ്. M.Com (M. N.C. Deloit Hydarabad) അനുയോജ്യമായ വിവാഹാലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു.
Ph: 9447579497,
9447863308

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM37/25 Syrian Christian Pentecostals parents from Kozhanchery, invite proposal for their son 34, 178cm, MSc Biotechnology, working at Bangalore. Innocent divorcee. Seeking suitable alliance from spiritual and educated girls from India or abroad.
Ph. +91 98471 86700,
9656223322,
8281150000

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM36/25 Syrian Christian Pentacostal parents, Kottayam, invite proposal for there son 28, DOB 11-2-1997. 170cm. Completed Bachelors and currently working as Automobile Diagnostic Technician at Kottayam. Seeking Suitable alliances from Spiritual and Professional qualified girls from India or Abroad.
Ph: 6238231410

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM28/25 Associate Pastor& Worship Leader (Nadar Christian) 26 Years (09.04.1999), 6.1. Proposal invited from parents of suitable girls.
Ph: 8943619818

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM15/25 Pentecostal boy, 6 March 1993, 180cm, Masters of Engineering in Engineering Management, born and brought up in gulf, born again, baptized and God fearing, schooling in a British curriculum International school Dubai, working as a senior Application engineer and is based in Dubai. Looking for a born again, baptised, non ornamental, God fearing, Pentecostal girl.
+971529165874
usha25elizabeth@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM18/25 ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (Age 42, Hight 179, B.A Sociology, B.Th, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.
9847683343

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101
www.maruppacha.com

മരുപ്പച്ച
സമകാലിക പത്രിക

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 05 - 07 - 2026

ജൂലൈ 05 2026

ബൈബിൾ യൂറോപ്പ്

Christianity and its Beginnings

വെളിപ്പാട് പുസ്തകത്തിലെ സഭകൾ...
വിശ്വാസപ്രമാണത്തിന്റെ നാട്ടിലൂടെ...

സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

▸▸ പത്മോസ് ▸▸ ടർക്കി
▸▸ ഗ്രീസ് ▸▸ റോം ▸▸ വത്തിക്കാൻ

- എഫെസൊസ്
- സ്മുർന്നാ
- പെർഗ്ഗമൊസ്
- തുയഥൈര
- സർദ്ദിസ്
- ഫിലദെൽഫ്യ
- ലവൊദിക്യാ
- ഏഥൻസ്
- കൊരിന്ത്
- ഫിലിപ്പ
- തെസ്സലോനിക്യ
- ബറോവ

Beyond Patmos



12 രാത്രി
13 പകൽ



ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



2026
സെപ്റ്റംബർ
14



- വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
- യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
- വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
- പുതിയനിയമകാലത്തെ നാടും നഗരങ്ങളും
- സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

91 9961720195 | +1 9143493978
e-mail: maruppacha@gmail.com | web: www.maruppacha.com

Shaji Samuel
CPA



shajisamuel.cpa
info@shajisamuel.cpa

Shaji Samuel, CPA

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080

+1 469 782 4423

ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു


മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ചു ള്ള ചരിത്രവും ഏറ്റവും പുതിയ സ്ഥിതി വിവരങ്ങളും ഉൾപ്പെടുത്തി ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു. 2017 ലാണ് അവസാനമായി ഹാലേലൂയ്യാ ഇയർ ബുക്ക് പുറത്തിറങ്ങിയത്. കഴിഞ്ഞ 10 വർഷം കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിനുണ്ടായ മാറ്റങ്ങളുടെയും വളർച്ചയുടെയും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച പതിപ്പായിരിക്കും വീണ്ടും പ്രസിദ്ധീകരിക്കുന്നത്. പുതിയ എഡിഷനിലേക്കുള്ള വിവരശേഖരണ ജോലികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ ചരിത്രം 1905 മുതൽ 2026 വരെ ഓരോ വർഷവും മലയാളി പെന്തെക്കോസ്ത് സഭകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള സംഭവങ്ങൾ, ഓരോ പെന്തെക്കോസ്ത് പ്രസ്ഥാനത്തെയും കുറിച്ചുള്ള വിപുലമായ ചരിത്രവും സ്ഥിതിവിവര കണക്കുകളും പാരാ ചർച്ച് മൂവ്മെന്റുകൾ, മിഷനറി പ്രസ്ഥാനങ്ങൾ, ഐക്യ പ്രസ്ഥാനങ്ങൾ തുടങ്ങി നൂറുകണക്കിന് പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ, കൂടാതെ 'ഹു ഈസ് ഹു' എന്ന പേരിൽ പ്രമുഖരായ സഭാനേതാക്കൾ മുതൽ കൺവെൻഷൻ പ്രസംഗകർ, വർഷിപ്പ് ലീഡേഴ്സ്, ഇൻഫ്ലുവൻസേഴ്സ്, യുവജന പ്രവർത്തകർ തുടങ്ങിയ വിവിധ നിലകളിൽ നിന്നുള്ള വ്യക്തികളുടെ വിവരണങ്ങൾ.

പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തുമുള്ള ലോക്കൽ സഭകളുടെ വിവരണങ്ങൾ, ഫോൺ നമ്പറുകൾ തുടങ്ങി 0പെന്തെക്കോസ്തുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്ന രീതിയിലാണ് ഇയർ ബുക്ക് തയ്യാറാക്കുന്നത്.

വിവരശേഖരണത്തിൽ സഹകരണം തേടുന്നു

ഇയർ ബുക്കിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ സഹകരിക്കുവാൻ താല്പര്യമുള്ള പെന്തെക്കോസ്ത് ശുശ്രൂഷകന്മാർ, യുവജന പ്രവർത്തകർ തുടങ്ങിയവരുടെ സഹായം ഞങ്ങൾക്ക് ആവശ്യമുണ്ട്. താല്പര്യമുള്ളവർ നിങ്ങളുടെ പേരും സ്ഥലവും വാട്സാപ്പ് ചെയ്യുക. **9349500155.**



2027 ജനുവരിയിൽ
പ്രസിദ്ധീകരിക്കും

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.